Prepp

Practice, Learn and Achieve
Your Goal with Prepp

# UGC NET Exam

Malayalam

Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________

   (Name) ______________________________

2. (Signature) ____________________________

   (Name) ______________________________

OMR Sheet No. : ..............................................

(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.____________________________________

(In words)

| J | 2 | 2 | 1 | 1 |
|---|---|---|---|---|

Time : **1** $^{1}/_{4}$ hours] [Maximum Marks : **100**

Number of Pages in this Booklet : **12** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **Answer Sheet given inside the Paper I Booklet only.** If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the Answer Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the test question booklet and OMR Answer sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये उत्तर-पत्रक पर ही** अंकित करने हैं । यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप उत्तर-पुस्तिका पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं OMR उत्तर-पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
# MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. ചട്ടമ്പി സ്വാമിയുടെ 'പ്രാചീന മലയാള'ത്തിന്റെ ഉള്ളടക്കം
   (A) മലയാള ഭാഷാ ചരിത്രം
   (B) മലയാള സാഹിത്യ ചരിത്രം
   (C) കേരള ചരിത്രം
   (D) മലയാള ലിപി ചരിത്രം

2. ഇടിയാകിന മിഴാപൊലിയാലുടനേവർക്കും പരിതാപം കളവാൻ
   ചുടരേറും മിന്നൽപ്പുണരാകിയ തൂയവിളക്കു കൊളുത്തി വിശേഷാൽ
   വടിവേലും വരിവണ്ടുകൾ പാട, മയൂരാദികൾ മകിഴ്വെയ്തും വണ്ണം...

   കാലവർഷ വർണ്ണനയിലൂടെ കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും ചിത്രം തെളിയ്ക്കുന്ന ഈ കൃതി ഏത് ?
   (A) തിരുനിഴൽമാല
   (B) കണ്ണശ്ശരാമായണം
   (C) ഭാഷാഭഗവദ്ഗീത
   (D) രാമചരിതം

3. 'യുവജനമുതുകെന്നും പൊന്മണിത്തണ്ടുമേറി' വരുന്ന സുന്ദരിയുള്ള പ്രാചീനകാവ്യം :
   (A) ചെറിയച്ചി
   (B) ഉണ്ണുനീലി സന്ദേശം
   (C) വൈശികതന്ത്രം
   (D) ചന്ദ്രോത്സവം

4. **കാര്യം :**

   വൈശികതന്ത്രം മുൻനിർത്തി മണിപ്രവാളത്തെക്കുറിച്ച് തീർപ്പുകൾ കല്പിക്കുന്നതു ശരിയല്ല.

   **കാരണം :**

   (A) വൈശികതന്ത്രം മണിപ്രവാള ഘട്ടത്തിലുണ്ടായതല്ല.
   (B) വൈശികതന്ത്രം ഒറ്റകൃതിയാണെന്നു ഉറപ്പിച്ചു പറയാൻ നിവൃത്തിയില്ല.
   (C) വൈശികതന്ത്രത്തിനു മണിപ്രവാള ലക്ഷണം യോജിക്കില്ല.
   (D) വൈശികതന്ത്രം അശ്ലീല രചനയാണ്.

5. **കാര്യം :**

   കൃഷ്ണഗാഥ തെളിമലയാളത്തിന്റെ മാതൃകയായി പരിഗണിക്കപ്പെടുന്നു.

   **കാരണം :**

   സ്വർഗ്ഗാരോഹണം പോലെ സംസ്കൃത പ്രചുരങ്ങളായ ഭാഗങ്ങൾ വേണ്ടത്ര വായിക്കപ്പെടുന്നില്ല.

   (A) കാര്യം പൂർണ്ണമായും ശരി, കാരണം ഭാഗികമായി ശരി.
   (B) കാര്യം ശരി, കാരണം തെറ്റ്.
   (C) കാര്യവും കാരണവും ശരി.
   (D) കാര്യവും കാരണവും തെറ്റ്.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

6. **കാര്യം :**

ആലത്തൂർ മണിപ്രവാളം കേരള പഠനത്തിനു വിലപ്പെട്ടതാണ്.

**കാരണം :**

(A) ഭാഷാചരിത്രത്തിനു കൂടിയേ തീരൂ
(B) സാഹിത്യചരിത്രത്തിൽ പ്രധാനമാണ്
(C) കേരള വൈദ്യപാരമ്പര്യം വെളിവാക്കുന്നു
(D) ദേശചരിത്ര പഠനത്തിനു ആവശ്യമുണ്ട്

7. **കാര്യം :**

എ. ആർ. രാജരാജവർമ്മയുടെ വൃത്തവിചാരം അപര്യാപ്തമാണ്.

**കാരണം :**

സംസ്കൃത വൃത്തപഠനത്തിന്റെ രീതി ശാസ്ത്രം സ്വീകരിക്കുന്നു.

(A) കാര്യം ശരി, കാരണം തെറ്റ്.
(B) കാര്യം ശരി, കാരണം ഭാഗികമായി ശരി.
(C) കാര്യവും കാരണവും പൂർണ്ണമായും ശരി.
(D) കാര്യവും കാരണവും തെറ്റ്.

8. **കാര്യം :**

കേരള സാഹിത്യ ചരിത്രം എന്ന പേരിനു ഔചിത്യ ഭംഗിയുണ്ട്.

**കാരണം :**

ഉള്ളൂരിന്റെ സാഹിത്യ ചരിത്രത്തിൽ മലയാളത്തിനു പുറമേ തമിഴിനും സംസ്കൃതത്തിനും ഇടമുണ്ട്.

(A) കാര്യവും കാരണവും ശരി.
(B) കാര്യം ശരി, കാരണം തെറ്റ്.
(C) കാര്യവും കാരണവും തെറ്റ്.
(D) കാര്യം ശരി, കാരണം ഭാഗികമായി ശരി.

9. **കാര്യം :**

കൂത്തിനും കൂടിയാട്ടത്തിനും മലയാള ഭാഷാ പരിണാമത്തിൽ ഒരു പങ്കുമില്ല.

**കാരണം :**

കൂത്തും കൂടിയാട്ടവും തികച്ചും സംസ്കൃതത്തിലായിരുന്നു.

(A) കാര്യവും കാരണവും ശരി.
(B) കാര്യവും കാരണവും തെറ്റ്.
(C) കാര്യം ശരി, കാരണം തെറ്റ്.
(D) കാര്യം തെറ്റ്, കാരണം ശരി.

10. മലയാള നാടോടി നാടകങ്ങൾ

(A) ചവിട്ടുനാടകം, വെള്ളരിനാടകം, മാർഗ്ഗംകളി
(B) മുടിയേറ്റ്, കോമരം തുള്ളൽ, ഒപ്പന
(C) മുടിയേറ്റ്, പൊറാട്ടുനാടകം, കാക്കാരിശ്ശി നാടകം
(D) ആൾമാറാട്ടം, തെയ്യം, കാക്കാരിശ്ശി നാടകം

11. മാപ്പിളപ്പാട്ടു തിരിച്ചറിയാനുള്ള എളുപ്പമാർഗ്ഗം

(A) പാടിക്കേൾക്കണം
(B) അറബിവാക്കുകൾ
(C) അറബിലിപി
(D) പ്രണയം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

12. ചേരുംപടി ചേർത്ത ഗണമേത് ?

| | | | |
|---|---|---|---|
| 1. | ജൂതശാസനം | (a) | മൂഴിക്കളം കച്ചം |
| 2. | വാഴപ്പള്ളി ശാസനം | (b) | അഞ്ചുവണ്ണം |
| 3. | തരിസാപ്പള്ളി ശാസനം | (c) | മുട്ടാപ്പലി |
| 4. | തിരുനെല്ലി ശാസനം | (d) | 72 പദവികൾ |

(A) 1 b, 2 c, 3 d, 4 a
(B) 1 c, 2 d, 3 a, 4 b
(C) 1 d, 2 c, 3 a, 4 b
(D) 1 d, 2 c, 3 b, 4 a

13. ചേർച്ചയുള്ള ദ്വന്ദ്വങ്ങൾ

| | | | |
|---|---|---|---|
| (a) | കച്ചം | 1. | സമയം |
| (b) | നിഴൽ | 2. | ക്ഷേത്രം |
| (c) | പൊഴുതു | 3. | പ്രേതം |
| (d) | മുക്കാൽവട്ടം | 4. | പ്രതിനിധി |
| | | 5. | ഏർപ്പാട് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | 5 | 4 | 3 | 2 |
| (B) | 2 | 3 | 4 | 5 |
| (C) | 3 | 2 | 4 | 5 |
| (D) | 5 | 4 | 1 | 2 |

14. Ezhuthachan and His Age എന്ന പ്രബന്ധത്തിന്റെ കർത്താവ്
(A) ഡോ. കെ. ഗോദവർമ്മ
(B) ഡോ. കെ. എൻ. എഴുത്തച്ഛൻ
(C) ഡോ. എസ്. കെ. നായർ
(D) ഡോ. ചേലനാട്ട് അച്യുതമേനോൻ

Prepp

15. എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടിനു കണ്ണശ്ശരാമായണത്തോടുള്ള കടപ്പാട് ആദ്യം ചൂണ്ടിക്കാണിച്ചത്
(A) കണ്ണശ്ശന്മാരും എഴുത്തച്ഛനും
(B) കൈരളിയുടെ കഥ
(C) പ്രദക്ഷിണം
(D) പഞ്ചാനനന്റെ വിമർശത്രയം

16. എഴുത്തച്ഛൻ ഉപയോഗിക്കാത്ത വൃത്തങ്ങളടങ്ങുന്ന ഗണം ?
(A) മഞ്ജരി, തരംഗിണി, കാകളി
(B) കളകാഞ്ചി, സർപ്പിണി, മഞ്ജരി
(C) മഞ്ജരി, ഉപസർപ്പിണി, നതോന്നത
(D) കാകളി, കേക, അന്നനട

17. ദണ്ഡകമുള്ളത്
(A) ആട്ടക്കഥയിൽ
(B) ചമ്പുക്കളിൽ
(C) ആട്ടക്കഥയിലും ചമ്പുക്കളിലും
(D) ആട്ടക്കഥയിലും തുള്ളലിലും

18. 'അപരിഹരണീയ വിധി യന്ത്രത്തിരിപ്പുമൂന്നി' – എവിടെനിന്ന് ?
(A) നളചരിതം ഒന്നാം ദിവസം
(B) നളചരിതം രണ്ടാം ദിവസം
(C) നളചരിതം മൂന്നാം ദിവസം
(D) നളചരിതം നാലാം ദിവസം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**19.** ചേർച്ചയുള്ള ഗണങ്ങൾ

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ഹരിനാമകീർത്തനം മലയാളത്തിലെഴുതിയ ഉപനിഷത്ത് | 1. | ശിരോമണി കൃഷ്ണൻ നായർ |
| (b) | നളചരിതം മലയാളത്തിലെ ശാകുന്തളം | 2. | എൻ. കൃഷ്ണപിള്ള |
| (c) | കിളിപ്പാട്ടിലെ ഭാഷ ഹനുമാൻ ചാട്ടമല്ല | 3. | പി. ദാമോദരൻ പിള്ള |
| (d) | ഉണ്ണുനീലി സന്ദേശം പരാജയ കവനം | 4. | സാഹിത്യ പഞ്ചാനൻ |
| | | 5. | മുണ്ടശ്ശേരി |
| | | 6. | കെ. എൻ. എഴുത്തച്ഛൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | 2 | 5 | 6 | 3 |
| (B) | 6 | 1 | 5 | 2 |
| (C) | 6 | 3 | 1 | 4 |
| (D) | 3 | 4 | 2 | 1 |

**20.** നമ്പ്യാരുടേതല്ലാത്തത്

(A) വിളവിൽപ്പാതി നമുക്കു തരേണം
മുളകു സമസ്തവുമർപ്പിക്കേണം

(B) കൊടുവെയിൽ തട്ടിച്ചുട്ട കഷണ്ടിയി
ലൊരുപിടി നെല്ലാൽ മലരുപൊരിക്കാം

(C) നന്നായ് കുളിപ്പിച്ചു ഭസ്മം തൊടുവിച്ചു
കണ്ണെഴുതിച്ചു വയമ്പും കൊടുത്തുടൻ
പിന്നെ മുലയും കൊടുത്തു കിടത്തിനാൾ
കണ്ണുകൾക്കാനന്ദമെന്തു പറവതും

(D) കിട്ടിയതൊന്നും മതിയാകില്ല
പട്ടന്മാർക്കതു ബോധിക്കേണം

**21.** പർണ്ണശാലാങ്കം, ശൂർപ്പണഖാങ്കം,
അംഗുലീയാങ്കം, അശോകവനികാങ്കം
എന്നിവ ഏതു നാടകത്തിനുണ്ടായ ആട്ട പ്രകാരങ്ങളാണ് ?

(A) സ്വപ്നവാസവദത്തം
(B) പ്രതിജ്ഞായൗഗന്ധരായണം
(C) മത്തവിലാസം
(D) ആശ്ചര്യചൂഡാമണി

**22.** **കാര്യം** : ആദ്യം പുറത്തിറങ്ങിയതു രാജ്യ സമാചാരമാണെങ്കിലും പശ്ചിമോദയത്തിന്റെ സാംസ്കാരിക പ്രാധാന്യം അതിനില്ല.

**കാരണം** : സുവിശേഷ പത്രമായിരുന്നു രാജ്യസമാചാരം; പശ്ചിമോദയമാകട്ടെ നല്ലൊരു വർത്തമാനപ്പത്രവും.

(A) കാര്യവും കാരണവും ശരി.
(B) കാര്യം ശരി, കാരണം ഭാഗികമായി ശരി.
(C) കാര്യവും കാരണവും തെറ്റ്.
(D) കാര്യം ശരി, കാരണം പൂർണ്ണമായും തെറ്റ്.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**23.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (1) | സി. അച്യുത മേനോൻ | (a) | ഭാഷാപോഷിണി |
| (2) | കണ്ടത്തിൽ വറുഗീസ് മാപ്പിള | (b) | രസികരഞ്ജിനി |
| (3) | മൂർക്കോത്തു കുമാരൻ | (c) | മിതവാദി |
| (4) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ | (d) | വിദ്യാവിനോദിനി |
| | | (e) | സ്വദേശാഭിമാനി |

(A) 1 d, 2 c, 3 a, 4 b
(B) 1 d, 2 a, 3 e, 4 b
(C) 1 e, 2 c, 3 a, 4 d
(D) 1 a, 2 c, 3 b, 4 a

**24.** കാലക്രമത്തിലുള്ളത്

(A) കേരളീയ സുഗുണബോധിനി, ശാരദ, ലക്ഷ്മീഭായി, സ്ത്രീ
(B) ശാരദ, ലക്ഷ്മീഭായി, കേരളീയ സുഗുണബോധിനി, സ്ത്രീ
(C) സ്ത്രീ, ശാരദ, ലക്ഷ്മീഭായി, കേരളീയ സുഗുണബോധിനി
(D) കേരളീയ സുഗുണബോധിനി, ശാരദ, സ്ത്രീ, ലക്ഷ്മീഭായി

**25.** ചേരുംപടി ചേർത്തെഴുതുക.

| | | | |
|---|---|---|---|
| 1. | Outlines of the Protohistoric Chronology of Western Asia | (a) | Thomas Trautman |
| 2. | The Evolution of Malayalam Morphology | (b) | A.C. Sekhar |
| 3. | Languages and Nations : The Dravidian Proof in Colonial Madras | (c) | A. Balakrishna Pillai |
| | | (d) | LVR |
| 4. | Evolution of Malayalam | | |
| | | (e) | K. Godavarma |

(A) 1 d, 2 a, 3 b, 4 c
(B) 1 d, 2 c, 3 a, 4 e
(C) 1 c, 2 d, 3 a, 4 b
(D) 1 e, 2 b, 3 a, 4 c

**26.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (1) | സ്മൃതിപർവം | (a) | സുകുമാർ അഴീക്കോട് |
| (2) | വഴിത്തിരിവുകൾ | (b) | കാണിപ്പയ്യൂർ |
| (3) | എന്റെ സ്മരണകൾ | (c) | കെ. എം. മാത്യു |
| (4) | എട്ടാമത്തെ മോതിരം | (d) | കുമരകം ശങ്കുണ്ണി മേനോൻ |
| | | (e) | പി.കെ. വാരിയർ |

(A) 1 c, 2 e, 3 a, 4 b
(B) 1 e, 2 b, 3 a, 4 c
(C) 1 e, 2 b, 3 d, 4 c
(D) 1 e, 2 d, 3 b, 4 c

**27.** വിധേയൻ എന്ന സിനിമയ്ക്ക് അവലംബമായ സാഹിത്യകൃതി

(A) സാക്ഷി
(B) നീലക്കടലാസ്
(C) മനോമി
(D) ഭാസ്കരപട്ടേലരും എന്റെ ജീവിതവും



Prepp
Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**28.** മാർത്തോമ്മാവിജയം മഹാകാവ്യത്തിന്റെ കർത്താവ്

(A) കട്ടക്കയം (B) പ്രവിത്താനം ദേവസ്യ

(C) കെ. വി. സൈമൺ (D) സിസ്റ്റർ മേരിബനീഞ്ജാ

**29.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| 1. | അന്ധകാണ്ഡം | (a) | വീരാൻ കുട്ടി |
| 2. | അങ്കവാലുള്ള പക്ഷി | (b) | പി.പി. രാമചന്ദ്രൻ |
| 3. | രണ്ടായി മുറിച്ചത് | (c) | കെ. ആർ. ടോണി |
| 4. | ഓട്ടോഗ്രാഫ് | (d) | കവിതാ ബാലകൃഷ്ണൻ |
| | | (e) | പി. രാമൻ |

(A) 1 d, 2 a, 3 b, 4 c (B) 1 c, 2 d, 3 b, 4 a

(C) 1 d, 2 c, 3 a, 4 b (D) 1 a, 2 e, 3 b, 4 a

**30.** ചേരുംപടി ചേർത്തെഴുതുക.

| | | | |
|---|---|---|---|
| 1. | ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാതെന്തിനു ജീവിത പരിഹാരം | (a) | വള്ളത്തോൾ |
| 2. | അമ്പിളിപോലെ വളഞ്ഞോരരിവാളാൽ ഇമ്പം കലർന്നു ഞാൻ കൊയ്തെടുക്കും | (b) | പി. ഭാസ്കരൻ |
| 3. | ഭാരത വർഷത്തിലെ പൂർവരാമൃഷീന്ദ്രന്മാർ പാരിന്നുള്ളടിത്തട്ടു പാർത്തു കണ്ടറിഞ്ഞവർ | (c) | കുമാരനാശാൻ |
| 4. | പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും | (d) | ഉള്ളൂർ |
| | | (e) | ഇടശ്ശേരി |

(A) 1 c, 2 a, 3 e, 4 b (B) 1 e, 2 c, 3 a, 4 d

(C) 1 b, 2 a, 3 d, 4 e (D) 1 b, 2 a, 3 e, 4 d

**31.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| 1. | ക്ഷുരസ്യധാര | (a) | ബി. മുരളി |
| 2. | പടിയിറങ്ങിപ്പോയ പാർവതി | (b) | സി.വി. ശ്രീരാമൻ |
| 3. | ഭൂമിപുത്രന്റെ വഴി | (c) | എൻ. പ്രഭാകരൻ |
| 4. | രാത്രിമൊഴി | (d) | ഗ്രേസി |
| | | (e) | എസ്. വി. വേണുഗോപൻ നായർ |

(A) 1 b, 2 d, 3 e, 4 c (B) 1 d, 2 b, 3 e, 4 c

(C) 1 c, 2 e, 3 b, 4 a (D) 1 e, 2 d, 3 a, 4 b

**32.** വിലാപകാവ്യമല്ലാത്തത്

(A) മനസ്വിനി (B) തിലോദകം

(C) ലോകാന്തരങ്ങളിൽ (D) പ്രരോദനം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

33. ചേർച്ചയില്ലാത്ത ഗണം ഏത് ?

(A) മാടവനപ്പറമ്പിലെ ചിത, ചിതാലേഖം, എവിടെ ജോൺ ?

(B) എവിടെ ജോൺ ?, നിശാഗന്ധി നീയെത്ര ധന്യ, മാവിന് എന്തിനി മാർഗ്ഗം

(C) മാടവനപ്പറമ്പിലെ ചിത, ചിതാലേഖം, ചിതയിലെ വെളിച്ചം

(D) ആത്മാവിൽ ഒരു ചിത, ഇന്നു ഞാൻ നാളെ നീ, എവിടെ ജോൺ ?

34. ചേരുംപടി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| 1. | ഓണപ്പാട്ടുകാർ | (a) | എസ്. ഗുപ്തൻ നായർ |
| 2. | കടത്തു വഞ്ചി | (b) | എബ്രഹാം വടക്കേൽ |
| 3. | രക്തപുഷ്പങ്ങൾ | (c) | എം. എൻ. വിജയൻ |
| 4. | ഓടക്കുഴൽ | (d) | എ. ആർ. രാജരാജവർമ്മ |
| | | (e) | കേസരി ബാലകൃഷ്ണ പിള്ള |

(A) 1 b, 2 a, 3 d, 4 e  (B) 1 d, 2 e, 3 a, 4 b

(C) 1 b, 2 d, 3 a, 4 c  (D) 1 c, 2 e, 3 b, 4 a

35. നല്ല നല്ല ഗുണമുള്ള സൽക്കഥ വളച്ചുകെട്ടി
വഷളാക്കിയും വല്ലനാടകമതെന്നുവച്ചു
ചിലമ്പുക്കടിച്ചു പരത്തിയും...

എന്നിങ്ങനെ നാടകരചനയെ പരിഹസിക്കുന്നത്

(A) ചക്കീചങ്കരത്തിന്റെ അവതാരിക

(B) ഇന്ദുലേഖയുടെ ഭരതവാക്യം

(C) ചന്ദ്രമുഖീവിലാസത്തിന്റെ അവതാരിക

(D) തിലോത്തമയിലെ കഥാപാത്ര ഭാഷണം

36. ചേർച്ചയുള്ള ദ്വന്ദ്വങ്ങൾ

| | | | |
|---|---|---|---|
| 1. | ഏബ്രായക്കുട്ടി | (a) | ടി.സി. അച്യുത മേനോൻ |
| 2. | മറിയാമ്മ നാടകം | (b) | സ്വാമി ബ്രഹ്മവ്രതൻ |
| 3. | സംഗീതനൈഷധം | (c) | കൊച്ചീപ്പൻ തരകൻ |
| 4. | കരുണ | (d) | കണ്ടത്തിൽ വറുഗീസ് മാപ്പിള |
| | | (e) | കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ |

(A) 1 b, 2 c, 3 a, 4 e  (B) 1 d, 2 b, 3 c, 4 e

(C) 1 c, 2 b, 3 a, 4 e  (D) 1 d, 2 c, 3 a, 4 b

37. ഫുൽമോനിയുടെ കഥ–മലയാള വിവർത്തകൻ

(A) റവ. കൊളിൻസ്  (B) റവ. ജോസഫ്പീറ്റ്

(C) റവ. ബഞ്ചമിൻ ബെയ്‌ലി  (D) റവ. ജോർജ് മാത്തൻ

38. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| 1. | മരക്കാപ്പിലെ തെയ്യങ്ങൾ | (a) | കെ. ജെ. ബേബി |
| 2. | ബെസ്പുർക്കാന | (b) | ടി. പി. രാജീവൻ |
| 3. | പാലേരി മാണിക്യം | (c) | ബെന്യാമിൻ |
| 4. | ആടു ജീവിതം | (d) | അംബികാസുതൻ |
| | | (e) | പി.കെ. ഉത്തമൻ |

(A) 1 d, 2 a, 3 e, 4 c  (B) 1 d, 2 a, 3 b, 4 c

(C) 1 d, 2 c, 3 b, 4 e  (D) 1 a, 2 d, 3 c, 4 b



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**39.** ഗുണ്ടർട്ടിന്റെ നളചരിത സാരശോധനയുടെ പ്രമേയം

(A) മതപരം　　(B) സാഹിത്യപരം

(C) വ്യാഖ്യാനം　　(D) പുനരാഖ്യാനം

**40.** 1578-ൽ കൊല്ലത്തു അച്ചടിച്ച ഗ്രന്ഥം

(A) ഹോർത്തൂസ് മലബാറിക്കൂസ്　　(B) തമ്പിരാൻ വണക്കം

(C) സംക്ഷേപ വേദാർത്ഥം　　(D) ജ്ഞാനമുത്തുമാല

**41.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| 1. | ദളിത് വാദം | (a) | സാഹിത്യ പഞ്ചാനനൻ |
| 2. | സ്ത്രീ വാദം | (b) | കെ. പി. ശങ്കരൻ |
| 3. | സൗന്ദര്യ വാദം | (c) | ഗീത |
| 4. | പാഠ വിമർശനം | (d) | കെ. കെ. കൊച്ച് |
| | | (e) | കെ. പി. അപ്പൻ |

(A) 1 d, 2 c, 3 b, 4 a　　(B) 1 d, 2 c, 3 e, 4 a

(C) 1 b, 2 c, 3 e, 4 d　　(D) 1 b, 2 c, 3 e, 4 a

**42.** ശരിയായ ഗണമേത് ?

(A) ശങ്കരക്കുറുപ്പു വിമർശിക്കപ്പെടുന്നു – അഴീക്കോട്,
ഓടക്കുഴലിന്റെ അവതാരിക – എൻ. കൃഷ്ണപിള്ള
ജി. ശങ്കരക്കുറുപ്പിന്റെ കാവ്യ പ്രപഞ്ചം – തോന്നയ്ക്കൽ നാരായണൻ

(B) ജി.യുടെ കാവ്യജീവിതം - എം. ലീലാവതി,
ശങ്കരക്കുറുപ്പു വിമർശിക്കപ്പെടുന്നു – എൻ. കൃഷ്ണപിള്ള,
ജി.യുടെ ഭാവഗീതങ്ങൾ ഒരു പഠനം – എം. അച്യുതൻ

(C) ശങ്കരക്കുറുപ്പു വിമർശിക്കപ്പെടുന്നു – അഴീക്കോട്,
ജി.യുടെ ഭാവഗീതങ്ങൾ ഒരു പഠനം – ഡി. ബഞ്ചമിൻ,
ഓടക്കുഴലിന്റെ അവതാരിക – എസ്. ഗുപ്തൻ നായർ

(D) ജി. ശങ്കരക്കുറുപ്പിന്റെ കാവ്യ പ്രപഞ്ചം – തോന്നയ്ക്കൽ വാസുദേവൻ,
ഓടക്കുഴലിന്റെ അവതാരിക – എസ്. ഗുപ്തൻ നായർ,
ജി.യുടെ ഭാവഗീതങ്ങൾ ഒരു പഠനം – എം. അച്യുതൻ

**43.** മുച്ചീട്ടുകളിക്കാരന്റെ മകൾ

(A) സുഹ്റ　　(B) സൈനബ

(C) പാത്തുമ്മ　　(D) കുഞ്ഞാമിന

**44.** കൺതടം എന്ന പദത്തിലെ സന്ധി.

(A) ലോപ സന്ധി　　(B) സ്വര സന്ധി

(C) ആദേശ സന്ധി　　(D) സന്ധിയില്ല

**45.** പെണ്ണെഴുതുന്ന ജീവിതം എന്ന പഠനഗ്രന്ഥത്തിന്റെ കർത്താവ്

(A) ഗീത　　(B) ശാരദക്കുട്ടി

(C) ഹേമലതാദേവി　　(D) എൻ. കെ. രവീന്ദ്രൻ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

താഴെ കൊടുത്തിരിക്കുന്ന ലേഖന ഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുക.

1864-ൽ ആണ് വിദ്യാസംഗ്രഹം പുറത്തു വരുന്നത്. കേരളത്തിന് അകത്തു നിന്നുള്ള വാർത്തകൾ പോലും കിട്ടാൻ ഏറെ കാല താമസം ഉണ്ടാവും എന്നതായിരുന്നുവല്ലോ അന്നത്തെ അവസ്ഥ. 1865 ഏപ്രിൽ 14-ന് എബ്രഹാം ലിങ്കൺ വെടിയേറ്റു മരിച്ച വാർത്ത 1865 ജൂലൈ ലക്കത്തിൽ വിദ്യാസംഗ്രഹം ചേർത്തിരിക്കുന്നു. ജനരഞ്ജിനി എന്ന മാസികയിലൂടെയും ചില പ്രാചീന ഗ്രന്ഥങ്ങളുടെ പ്രകാശനത്തിലൂടെയും പ്രസിദ്ധനായിത്തീർന്ന വ്യക്തിയാണ് കടത്തനാട്ടു ഉദയവർമ്മ തമ്പുരാൻ. ആ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ വലംകൈ ആയി പ്രവർത്തിച്ചത് കെ.സി. നാരായണൻ നമ്പ്യാർ ആണ്. ഈ രണ്ടു വിവരങ്ങളും മാത്രമല്ല പ്രിയദർശൻ പറയുന്നത് – നാരായണൻ നമ്പ്യാർ, ഉദയവർമ്മത്തമ്പുരാന്റെ അമ്മാവന്റെ മകനായിരുന്നു എന്ന വിവരവും ഇവിടെ നിന്നു കിട്ടുന്നു. തമ്പുരാന്റെ പ്രസിദ്ധീകരണ-ങ്ങളിലെ ലിപി വിന്യാസത്തിലെ ഒരു പ്രത്യേകതയും ചൂണ്ടിക്കാണിക്കപ്പെടുന്നു. അര ഉകാരത്തിന് ചന്ദ്രക്കലയല്ല പകരം ഒരു കുത്താണ് ചിഹ്നം. 1908-ൽ തന്നെ വൈദ്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു നല്ല മാസിക നമുക്കുണ്ടായിരുന്നു - ധന്വന്തരി. ആയുർവേദത്തിനായിരുന്നു അതിൽ പ്രാമുഖ്യം. അതേ സമയം വൈദ്യശാസ്ത്രത്തിലെ നവീനരീതികളെയും അവ കൈവരിച്ച നേട്ടങ്ങളെയും കുറിച്ചുള്ള കുറിപ്പുകൾ, ലേഖനങ്ങൾ ധന്വന്തരി പ്രസിദ്ധീകരിച്ചിരുന്നു. ആയൂർവേദക്കാരും അലോപ്പതിക്കാരും തമ്മിലുള്ള ചില തർക്കങ്ങൾക്കും ധന്വന്തരി കളമൊരുക്കി. വൈദ്യം പഠിച്ചിട്ടില്ലാത്ത ചില സംസ്കൃത പണ്ഡിതന്മാരും ആയൂർവേദക്കാർക്കുവേണ്ടി തർക്കത്തിൽ കക്ഷി ചേർന്നു! അക്കൂട്ടത്തിൽ രസകരമായ ഒരു തർക്കവിഷയം ബുദ്ധിയുടെ കേന്ദ്രം തലച്ചോറാണോ ഹൃദയമാണോ എന്നതാണ് !

സാമൂഹിക നവോത്ഥാനത്തിന്റെ ഭാഗമായി മിക്കവാറും എല്ലാ ജാതിക്കാരും, താന്താങ്ങളുടെ ജാതിയുടെ ഉന്നമനത്തിനായി ശ്രമിച്ചു എന്നത് 20-ാം നൂറ്റാണ്ടിലെ ആദ്യ ദശകങ്ങളിലെ ചരിത്രമാണ്. ഓരോ ജാതിയിലും കടന്നു കൂടിയിട്ടുള്ള അനാചാരങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാനുള്ള ശ്രമങ്ങൾ അക്കാലത്ത് വ്യാപകമായി നടന്നു. അതോടൊപ്പം ജാതി ചിന്ത തന്നെ തുടച്ചുമാറ്റുവാനുള്ള ശ്രമവും നടന്നിരുന്നു. ഇതിൽ ആദ്യത്തേത് ഭാഗികമായി വിജയം കൈവരിച്ചപ്പോൾ, രണ്ടാമത്തേത് ചക്രവാളം പോലെ അപ്രാപ്യമായി നിലകൊണ്ടു, നിലക്കൊള്ളുന്നു. നായർ സമുദായത്തിന്റെ അഭ്യുന്നതിക്കു വേണ്ടിയാണ് 'നായർ' മാസിക 1903-ൽ ഉദിച്ചത്. ഇതേ ലക്ഷ്യത്തോടെ കണ്ണൂരിൽ നിന്നും നായർ യുവാക്കൾ ആരംഭിച്ച മാസികയാണ് സമുദായ ദീപിക. എന്നാൽ സമുദായ ദീപികയുടെ പത്രാധിപർ മൂർക്കോത്തു കുമാരൻ ആയിരുന്നു ! ഈഴവ പ്രമാണി തങ്ങളുടെ സമുദായത്തിന്റെ ശ്രേയസ്സിനായി 1924-ൽ ആരംഭിച്ച 'സേവിനി' മാസികയുടെ പത്രാധിപരാവട്ടെ, ഇ.വി. കൃഷ്ണപിള്ളയായിരുന്നു. 1916-ൽ കൊല്ലത്തുനിന്നും പുറപ്പെട്ടതും ഈഴവ പ്രമാണികൾക്കു നിയന്ത്രണം ഉണ്ടായിരുന്നതും ആയ 'മിത ഭാഷിണി'യിൽ (അത് അല്പായുസ്സായിരുന്നു) ഈഴവരും, നായന്മാരും മാത്രമേ എഴുതിയിട്ടുള്ളൂ. യോഗ ക്ഷേമ സഭയായിരുന്നുവല്ലോ നമ്പൂതിരിമാരുടെ ഉന്നമനത്തിനായി ശ്രമം തുടങ്ങിയ ആദ്യ സംഘടന. അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് അപ്പൻ തമ്പുരാനാണ്. സാധു ജന പരിപാലന സംഘത്തിന്റെ മുഖപത്രമായി ഏറെനാൾ നിലനിന്ന മാസികയാണ് 'സാധു ജന പരിപാലിനി'. ഗൗഡസാരസ്വതരുടെ മാസികയായിരുന്നു കേസരി. ഗണകസമാജം ആണ് 'ശ്രീരാമ വിലാസം' മാസിക പ്രസിദ്ധപ്പെടുത്തിയിരുന്നത്. മിത ഭാഷിണി എന്ന മാസികയെക്കുറിച്ചുള്ള കുറിപ്പിൽ കാണുന്നത് ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം ഗ്രന്ഥരൂപത്തിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയത്, ടി.കെ. നാരായണൻ എന്ന വ്യക്തിയാണ് എന്നത്രെ.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

46. **കാര്യം** : മാസികാപഠനത്തിന്റെ സാംസ്കാരിക പ്രയോജനം പലതാണ്.
**കാരണം** : മാസികാപഠനം ചരിത്രബോധത്തോടൊപ്പം മറ്റെങ്ങു നിന്നും കിട്ടാത്ത അറിവും തരുന്നു.

(A) കാര്യം ശരി, കാരണം ഭാഗികമായി ശരി.
(B) കാര്യം ശരി, കാരണം തെറ്റ്.
(C) കാര്യവും കാരണവും തെറ്റ്.
(D) കാര്യവും കാരണവും പൂർണ്ണമായും ശരി.

47. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (1) | സമുദായ ദീപിക | (a) | ഇ.വി. കൃഷ്ണ പിള്ള |
| (2) | സേവിനി | (b) | മൂർക്കോത്തു കുമാരൻ |
| (3) | കേസരി | (c) | ഗണക സമാജം |
| (4) | ശ്രീരാമ വിലാസം | (d) | സാധു ജന പരിപാലന സംഘം |
| | | (e) | ഗൗഡസാരസ്വതർ |

(A) 1 c, 2 d, 3 e, 4 c
(B) 1 b, 2 a, 3 e, 4 c
(C) 1 d, 2 a, 3 d, 4 b
(D) 1 a, 2 d, 3 b, 4 e

48. **കാര്യം** : സമുദായ സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിൽ പ്രകടമായ ഒരു വൈരുദ്ധ്യം ഉണ്ടായിരുന്നു.
**കാരണം** : പല പ്രസിദ്ധീകരണങ്ങളുടെയും പത്രാധിപത്യം വഹിച്ചത് സമുദായത്തിനു പുറത്തുള്ളവരായിരുന്നു.

(A) കാര്യവും കാരണവും ശരി.
(B) കാര്യം ശരി, കാരണം തെറ്റ്.
(C) കാര്യവും കാരണവും തെറ്റ്.
(D) കാര്യവും കാരണവും ഭാഗികമായി ശരി.

49. ആദ്യകാല മാസികകളുടെ സുപ്രധാന ദൗത്യങ്ങൾ
(i) സാമൂഹിക നവോത്ഥാനം
(ii) ജാതി ചിന്ത വളർത്തൽ
(iii) സ്വാതന്ത്ര്യലബ്ധി
(iv) ജാതിചിന്തയും അനാചാരങ്ങളും ഇല്ലാതാക്കൽ

(A) (i) ഭാഗികമായി ശരി.
(B) (ii) ഉം (iii) ഉം തെറ്റ്.
(C) (iv) പൂർണ്ണമായും ശരി.
(D) (i) ഉം (iii) ഉം ശരി.

50. ആദ്യകാല പ്രസിദ്ധീകരണങ്ങളുടെ പിറവിയുടെ പിന്നിൽ പ്രവർത്തിച്ച ഒരു പ്രധാന ഘടകം.
(i) വ്യക്തികളുടെ പ്രേരണ
(ii) സംഘടനയുടെ മുഖപത്രം
(iii) രാഷ്ട്രീയമായ ഇച്ഛാശക്തി
(iv) പത്രപ്രവർത്തനം വളർത്തൽ

(A) (i)
(B) (ii)
(C) (iii)
(D) (iv)



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in